## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1975 — 19.06.2012-ൽ മറുപടിക്ക്.

### ഗ്രാമീണമേഖലയിൽ ജലഗതാഗത സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്:<br>ശ്രീ.വർക്കല കഹാർ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണമേഖലയിൽ ജലഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | റോഡ് സൗകര്യം ഒട്ടും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് പരമാവധി ജലഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇവിടങ്ങളിൽ സർക്കുലർ സർവ്വീസ് സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | കുട്ടനാടൻ ജനതയുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി 2011 സെപ്റ്റംബർ മാസത്തിൽ കുട്ടനാട് സർക്കുലർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2012 മെയ് മാസത്തിൽ ' സീ കുട്ടനാട്' എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് സർക്കുലർ സർവ്വീസും ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ബോട്ടുകൾക്ക് പകരം സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കുന്ന കാര്യം ആലോചിക്കുമോ; | (സി) | 2002 മുതൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ആവശ്യത്തിനായി സ്റ്റീൽ ബോട്ടുകളാണ് നിർമ്മിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | തിരക്കുള്ള സ്ഥലങ്ങളിൽ സ്റ്റേഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുമോ? | (ഡി) | സംസ്ഥാന ജലഗതാഗത വകുപ്പിന് നിലവിൽ ആലപ്പുഴ, കോട്ടയം, കണ്ണൂർ, കൊല്ലം, എറണാകുളം ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ